**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 405</u>** **<u>01-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സംസ്ഥാനത്ത് നടന്ന് വരുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ</u>**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയാൻ എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികളെ കുറിച്ച് വിശദമാക്കാമോ; | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരി കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ, ബസുകൾ, ബസ്സ് സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തി വരുന്നു. ലഹരി വസ്തുക്കളുടെ കടത്ത് നടക്കുന്നതിന് സാദ്ധ്യതയുള്ള മേഖലകളിൽ രഹസ്യവിവര ശേഖരണം നടത്തി ആവശ്യമായ മേഖലകളിൽ ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തുകയും, കൂടാതെ രാത്രികാല പട്രോളിംഗ്, ബോർഡർ ചെക്കിംഗ്, സംയുക്ത പരിശോധനകൾ എന്നിവയും നടത്തി വരുന്നു. ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരുടെ മൊബൈൽ ഫോണുകൾ പരിശോധിച്ചും കാൾ ഡീറ്റയിൽസ് ശേഖരിച്ചും ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റ് ഇല്ലാത്ത റോഡുകളിൽ വാഹന പരിശോധന നടത്തുന്നതിന് 'കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്' (KEMU) എന്ന പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് നടന്ന് വരുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ലഹരിമുക്ത കേരള<br>സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാ<br>സർക്കാർ രൂപീകരിച്ച "വിമുക്തി മിഷൻ'<br>വിവിധ വകുപ്പുകളെയും സംഘടനകളെയു<br>ഏകോപിപ്പിച്ച് ലഹരിക്കെതിരെയുള്ള<br>പ്രവർത്തനങ്ങൾ നടത്തിവരികയാണ<br>ലഹരിക്കെതിരെ സാമൂഹിക പ്രതിരോധ<br>തീർക്കുക എന്ന ലക്ഷ്യത്തോ<br>തദ്ദേശസ്വയംഭരണസ്ഥാപന തലത്തിലു<br>അവയുടെ വാർഡ് തലത്തിലും, ജില്ല<br>തലത്തിലും സംസ്ഥാന തലത്തിലും ജനകീയ |

കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

സമൂഹത്തിൽ പ്രത്യേകിച്ച് യുവാക്കളിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലഹരിക്കെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും അണിനിരത്തി സംസ്ഥാനത്തൊട്ടാകെ 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരിക്കെതിരെ വ്യാപകമായി പ്രചരണപരിപാടി സംഘടിപ്പിച്ചിരുന്നു. ലഹരിക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2022 വർഷത്തെ ദീപാവലിയോട് അനുബന്ധിച്ച് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 22 ന് ലഹരിക്കെതിരെ ദീപം തെളിയിച്ചു കൂടാതെ സംസ്ഥാനത്തൊട്ടാകെ ഗ്രന്ഥശാലകളിലും, വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ലഹരി വിരുദ്ധ ദീപം തെളിയിച്ചു.

ഈ കാലയളവിൽ സംസ്ഥാനത്ത് സ്കൂളുകളിൽ പി.റ്റി.എ/എം.പി.റ്റി.എ/വികസനസമിതി എന്നിവയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ പി.റ്റി.എ യോഗങ്ങൾ ചേരുകയും രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ നൽകുകയും ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തു. ഭാരത് സ്കൗട്ട്സ്&ഗൈഡ്സിന്റെ റാലി വിവിധ വിദ്യാഭ്യാസ ജില്ലകളിലൂടെ സഞ്ചരിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ലഹരിക്കെതിരെ സന്ദേശവുമായി ഭവന സന്ദർശനം നടത്തുകയും ചെയ്തു. ഒന്നാം ഘട്ട പ്രചാരണ പ്രവർത്തനങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 2022 നവംബർ 1-ന് സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങൾക്ക് ചുറ്റിലും പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ലഹരി വിരുദ്ധ മനുഷ്യശൃംഖല തീർക്കുകയും, ശൃംഖലയിൽ പങ്കെടുത്തവർ ലഹരിക്കെതിരെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ

എടുക്കുകയും, പ്രതീകാത്മകമായി ലഹരി വസ്തുക്കൾ കത്തിക്കുകയും ചെയ്തു.

ഒന്നാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങളെ തുടർന്ന് മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനം 2022നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പിലാക്കി. അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായ ഡിസംബർ 10 ന് സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെ നേതൃത്വത്തിലും എൻ.എസ്.എസ്, എസ്.പി.സി, വിമുക്തി ക്ലബ്ബ്, കുടുംബശ്രീ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ റസിഡന്റ്സ് അസോസിയേഷൻ, പ്രാദേശിക കൂട്ടായ്മകൾ എന്നിവരുടെ പങ്കാളിത്തത്തിൽ യോഗങ്ങൾ നടത്തുകയുണ്ടായി. മയക്കുമരുന്ന് വസ്തുക്കളുടെ ഉപയോഗം, വിൽപ്പന, കടത്ത് എന്നിവ ഇല്ലായെന്ന് വാർഡ് തല ജനജാഗ്രത സമിതികൾ ഉറപ്പ് വരുത്തിയ പ്രദേശങ്ങളിൽ 'ഇവിടം ലഹരിമുക്ത ഇടം' എന്ന് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചു SC/ST മേഖലകളിൽ മെഡിക്കൽ ക്യാമ്പുകളും കായിക മത്സരങ്ങളും സംഘടിപ്പിച്ച് ലഹരിക്കെതിരെയുള്ള ബോധവൽക്കരണം നടത്തി.

വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ കോച്ചിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് വിദ്യാലയ സന്ദർശനവും ചർച്ചകളും നടത്തി കുട്ടികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അതിഥി തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സഹകരണത്തോടെ സംയുക്ത പരിശോധനകൾ നടത്തി. തീരദേശ മേഖലകൾ, സംസ്ഥാന അതിർത്തി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും, പൊതുപരിപാടികളും സംഘടിപ്പിച്ചു. 2023 ജനുവരി 1 പുതുവർഷ ദിനത്തിൽ റസിഡന്റ്സ് അസോസിയേഷന്റെയും, കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും സഹകരണത്തോടെ കുടുംബങ്ങളിൽ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തുകൊണ്ട് ലഹരിക്കെതിരെയുള്ള പ്രവർത്തനം താഴെത്തട്ടിൽ വരെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി. ലോകകപ്

| | | | |
|---|---|---|---|
| | | | ഫുട്ബോളിനോടനുബന്ധിച്ച് സംസ്ഥാനത്തെമ്പാടും ലഹരി വിരുദ്ധ ഗോളട് പരിപാടി സംഘടിപ്പിച്ചു. 2023 ജനുവരി 26ന ലഹരി വിരുദ്ധ തെരുവ് എന്ന പരിപാടിയു വ്യാപകമായി നടന്നു. |
| (സി) | സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളുടെ വിവരം ജില്ല തിരിച്ച് നിയോജകമണ്ഡലടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | വിമുക്തി മിഷന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. (നിയോജക മണ്ഡലത്തിന്റെ പേര് ബ്രാക്കറ്റിൽ).<br><br>1. തിരുവനന്തപുരം- ജനറൽ ഹോസ്പിറ്റൽ, നെയ്യാറ്റിൻകര (നെയ്യാറ്റിൻകര)<br><br>2. കൊല്ലം- രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി, നെടുങ്ങോലം (ചാത്തന്നൂർ)<br><br>3. പത്തനംതിട്ട- റാന്നി താലൂക്ക് ആശുപത്രി (റാന്നി)<br><br>4. ആലപ്പുഴ- താലൂക്ക് ആശുപത്രി, മാവേലിക്കര (മാവേലിക്കര)<br><br>5. കോട്ടയം- കെ.എം.മാണി മെമ്മോറിയൽ ജനറൽ ആശുപത്രി, പാലാ (പാലാ).<br><br>6. ഇടുക്കി- പൈനാവ് ജില്ലാ ആശുപത്രി, ചെറുതോണി (ഇടുക്കി)<br><br>7. എറണാകുളം - ജനറൽ ആശുപത്രി, മൂവാറ്റുപുഴ (മൂവാറ്റുപുഴ).<br><br>8. തൃശ്ശൂർ - താലൂക്ക് ആശുപത്രി, ചാലക്കുടി (ചാലക്കുടി)<br><br>9. പാലക്കാട് - കോട്ടത്തറ താലൂക്ക് ആശുപത്രി, അട്ടപ്പാടി (മണ്ണാർകാട്)<br><br>10. മലപ്പുറം - നിലമ്പൂർ ജില്ലാ ആശുപത്രി (നിലമ്പൂർ)<br><br>11. കോഴിക്കോട് - ഗവൺമെന്റ് ബീച്ച് ആശുപത്രി (കോഴിക്കോട്-നോർത്ത്)<br><br>12. വയനാട്- താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി (സുൽത്താൻ ബത്തേരി)<br><br>13. കണ്ണൂർ - താലൂക്ക് ആശുപത്രി, പയ്യന്നൂർ (പയ്യന്നൂർ)<br><br>14. കാസർഗോഡ് - താലൂക്ക് ആശുപത്രി, നീലേശ്വരം (തൃക്കരിപ്പൂർ) |

സെക്ഷൻ ഓഫീസർ